(ബി) ന്യൂഡൽഹി ആസ്ഥാനമായുള്ള എനക്സ്ക്കോ ടെക്നോളജീസ് ഇൻഡ്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്; ഈ ഒരു സ്ഥാപനം മാത്രമെ ടെണ്ടർ സമർപ്പിച്ചുള്ളൂ.

(സി) ടെണ്ടർ സമർപ്പിച്ച എനക്സ്ക്കോ ടെക്നോളജീസ് ഇൻഡ്യാ ലിമിറ്റഡ് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിരുന്ന നിരതദ്രവ്യമായ 1 ലക്ഷം രൂപ കെട്ടിവച്ചിരുന്നു.

(ഡി) കാനറാ ബാങ്കിൽ നിന്നെടുത്ത 2-9-2003-ലെ 289642 എന്ന നമ്പറിലുള്ള ഡിമാന്റ് ഡ്രാഫ്റ്റ് വഴിയാണ് എനക്സ്ക്കോ ടെക്നോളജീസ് ഇൻഡ്യാ ലിമിറ്റഡ് നിരതദ്രവ്യം സമർപ്പിച്ചത്.

(ഇ) മലബാർ സിമന്റ്സ് കമ്പനിയുടെ ലീഡ് ബാങ്കായ എസ്.ബി.ടി-യിൽ 29-9-2003-ൽ നിരതദ്രവ്യം ഡെപ്പോസിറ്റ് ചെയ്തു.

കെല്ലിന്റെ യൂണിറ്റുകൾ

4 [1291] ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെല്ലിന്റെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം;

(ബി) ഓരോ യൂണിറ്റിലും എത്ര ജീവനക്കാർ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്ര ജീവനക്കാർ കഴിഞ്ഞ 5 വർഷത്തിനിടയിൽ വി.ആർ.എസ്. എടുത്തു;

(ഡി) ഇവരിൽ ഉയർന്ന ശമ്പളം ലഭിച്ചിരുന്ന ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) കെല്ലിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ എത്ര ഓർഡറുകൾ കഴിഞ്ഞ 8 വർഷത്തിനിടയിൽ ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ ഏതെങ്കിലും ഓർഡറുകൾ കെല്ലിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കെല്ലിന്റെ 5 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കുണ്ടറ (കൊല്ലം), മാമല (എറണാകുളം), ഒലവക്കോട് (പാലക്കാട്), കാസർഗോഡ്, എടരിക്കോട് (മലപ്പുറം) എന്നിവിടങ്ങളിൽ യൂണിറ്റും, എറണാകുളത്ത് കോർപ്പറേറ്റ് ഓഫീസും പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ യൂണിറ്റിലും ഉള്ള ജീവനക്കാരുടെ വിവരം താഴെ കൊടുക്കുന്നു.

കുണ്ടറ	..	389
മാമല	..	289
ഒലവക്കോട്	..	45
കാസർഗോഡ്	..	231
എടരിക്കോട്	..	6
കോർപ്പറേറ്റീവ് ഓഫീസ് (എറണാകുളം)	..	49

(സി) 200 ജീവനക്കാരാണ് കഴിഞ്ഞ 5 വർഷത്തിനിടയിൽ വി.ആർ.എസ്. എടുത്തത്.

(ഡി) ഇവരിൽ 53 പേർ ഉയർന്ന ശമ്പളം ലഭിച്ചിരുന്ന ഓഫീസർ വിഭാഗത്തിൽപ്പെട്ടവരാണ്. ഇവരിൽ 2 ജനറൽ മാനേജർമാരും, 9 ഡെപ്യൂട്ടി ജനറൽ മാനേജർമാരും, 9 മാനേജർമാരുമാണ്.

(ഇ) കഴിഞ്ഞ 8 വർഷത്തിനിടയിൽ 7292.13 ലക്ഷം രൂപയുടെ ഓർഡറുകളാണ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും കെല്ലിന് ലഭിച്ചത്.

(എഫ്) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെല്ലിന്റെ മാമല യൂണിറ്റിന് 3609.17 ലക്ഷം രൂപയുടെയും ഒലവക്കോട് യൂണിറ്റിന് 877.16 ലക്ഷം രൂപയുടെയും ഓർഡറുകൾ ലഭിച്ചിരുന്നു. കൂടാതെ ലോവർ പെരിയാർ ജല വൈദ്യുതി പദ്ധതിക്ക് വേണ്ടി മാമല യൂണിറ്റിന് 300 ലക്ഷം രൂപയുടെ ഓർഡറും കിട്ടിയിരുന്നു.

സ്വയം തൊഴിൽ പദ്ധതിപ്രകാരം വാണിജ്യബാങ്കുകൾവഴി പ്രയോജനം ലഭിച്ചവർ

5 [1299] ശ്രീ. എ. എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സ്വയം തൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം വാണിജ്യ ബാങ്കുകൾ വഴി സംസ്ഥാനത്തൊട്ടാകെ എത്ര തുക വിതരണം ചെയ്തു;

(ബി) എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു;

(സി) ചെറുകിട വ്യവസായം, വാണിജ്യം, സേവനം എന്നീ മേഖലകളിൽ എത്ര പേർക്ക് വീതം പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ എത്ര വനിതാ വ്യവസായ സംരംഭകർ ഉണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പു നടപ്പിലാക്കി വരുന്ന സ്വയംതൊഴിൽ പദ്ധതിയായ പി.എം.ആർ.വൈ. പദ്ധതി പ്രകാരം 2003-2004 സാമ്പത്തിക വർഷം 6004.75 ലക്ഷം രൂപ വാണിജ്യ ബാങ്കുകൾവഴി വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly